


# അസ്ഥാനത്തായ
# ശരത് സ്മരണ

അന്തരിച്ച ഡോക്യുമെന്ററി സംവിധായകൻ ശരത്ചന്ദ്രൻ തുടങ്ങിവച്ചതും സോളിഡാരിറ്റിയുടെ സഹായത്തോടെ അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ പൂർത്തീകരിച്ചതുമായ കാതിക്കുടം സമരത്തെക്കുറിച്ചുള്ള ഡോക്യുമെന്ററി വരാനിരിക്കുന്ന വസന്തം തെറ്റായ പ്രതിനിധാനങ്ങൾകൊണ്ട് കല്ലുകടിയായിത്തീർന്നെന്ന്

**ഹർഷാദ്**

നിരീക്ഷിക്കുന്നു

**അതിജീവനത്തിന്** വേണ്ടിയുള്ള ജനകീയ സമരങ്ങൾക്ക് നേരെ ക്യാമറ തുറന്നുവച്ച് പോരാട്ടങ്ങൾക്കായി പുതിയൊരു മാധ്യമഭാഷ നിർമ്മിച്ചെടുത്ത ഡോക്യുമെന്ററി സംവിധായകൻ ശരത്ചന്ദ്രന്റെ സ്മരണ ഒരു ജനകീയ സമരത്തെക്കുറിച്ചുള്ള ഡോക്യുമെന്ററിയിലൂടെ നിലനിർത്തുമ്പോഴാണ് തീർത്തും അന്വർത്ഥമാകുന്നത്. അതും ശരത് തന്നെ നിർമ്മിച്ച് പകുതിയിൽ നിലച്ചുപോയ ഒരു ഡോക്യുമെന്ററി സുഹൃത്തുക്കളുടെ ശ്രമഫലമായി പൂർത്തിയാക്കിക്കൊണ്ട് അദ്ദേഹത്തെ ഓർക്കുമ്പോൾ അർത്ഥപൂർണ്ണമായ ഒരു ആദരമായി അത് മാറുന്നു. ശരത്തിന് പൂർത്തിയാക്കാൻ കഴിയാതെ പോയ നിറ്റാ ജലാറ്റിൻ കമ്പനിയുടെ മലിനീകരണത്തിനെതിരെയുള്ള കാതിക്കുടം നിവാസികളുടെ സമരത്തെക്കുറിച്ചുള്ള ഡോക്യുമെന്ററി 'വരാനിരിക്കുന്ന വസന്തം' ശരത്തിന്റെ മരണശേഷം പുറത്തിറങ്ങിയപ്പോൾ ജനകീയ സമരവും സമരങ്ങളുടെ ചലച്ചിത്രകാരനും സംഗമിക്കുന്ന അപൂർവ്വ കാഴ്ചയ്ക്ക് ഫ്രെയിമുകൾ സാക്ഷിയായി. കാതിക്കുടം സമരത്തിന് ദൃശ്യ പ്രതിനിധാമുണ്ടാവുകയും ശരത് ഓർമ്മിക്കപ്പെടുകയും ചെയ്തു. എന്നാൽ കാതിക്കുടം സമരത്തിനും ശരത്തിന്റെ ഓർമ്മകൾക്കും പുതുജീവൻ നൽകുമായിരുന്ന ഈ ഡോക്യുമെന്ററി തെറ്റായ ചില പ്രതിനിധാനങ്ങൾ കാരണം അപകടകരമായ രീതിയിൽ അലോസരപ്പെടുത്തലുകളോടെ അവസാനിക്കുകയായിരുന്നു. ഡോക്യുമെന്ററി നിർമ്മിച്ച സോളിഡാരിറ്റിക്ക് അമിതപ്രാധാന്യം കിട്ടി എന്നതാണ് കല്ലുകടിയായിത്തീർന്നത്. കാതിക്കുടം സമരത്തിൽ സോളിഡാരിറ്റിയുടെ പങ്കിന് ഡോക്യുമെന്ററി മുൻതൂക്കം നൽകി. സോളിഡാരിറ്റി നടത്തിയ പരിപാടികൾ മാത്രം സമരത്തിനെ പ്രതിനിധീകരിച്ച് ഡോക്യുമെന്ററിയിൽ അവതരിപ്പിക്കപ്പെട്ടു. സമരത്തിന്റെ ലക്ഷ്യങ്ങൾക്ക് പോലും ഡോക്യുമെന്ററിയിൽ സോളിഡാരിറ്റിയുടെ ഭാഷ്യം. ശരത് പൂർത്തീകരിച്ചിരുന്നെങ്കിൽ ഇത് സംഭവിക്കുമായിരുന്നോ? ശരത്തിന്റെ ഓർമ്മകളുടെ പേരിൽ പൂർത്തീകരിക്കപ്പെട്ടപ്പോൾ ഡോക്യുമെന്ററിക്ക് സംഭവിച്ച വഴിമാറ്റം ആ ചലച്ചിത്രകാരനോടുള്ള അവഹേളനമായി അവശേഷിക്കുമോ?

### ഇടപെടലോ, അശ്രദ്ധയോ?

ആർക്കാണ് പിഴവ് പറ്റിയതെന്ന് കാഴ്ച്ചക്കാരന് നിശ്ചയിക്കാനാകില്ലെങ്കിലും അത്തരമൊരു പിഴവ് സംഭവിച്ചതിൽ ഡോക്യുമെന്ററിയുടെ നിർമ്മാതാക്കളായ സോളിഡാരിറ്റിയും ഡോക്യുമെന്ററി പൂർത്തിയാക്കിയ ശരത്തിന്റെ സുഹൃത്തുക്കളും

ഒരേപോലെ ഉത്തരവാദികളാണെന്ന് ആർക്കും തിരിച്ചറിയാൻ കഴിയും. സോളിഡാരിറ്റി ഡോക്യുമെന്ററി നിർമ്മിച്ചതിലല്ല, നിർമ്മാതാവിന്റെ ഭാഷ്യം അമിതമായി ഡോക്യുമെന്ററിയിൽ കടന്നുകൂടിയതിലാണ് തെറ്റുള്ളത്. അത് മന:പൂർവ്വമാണെങ്കിലും അല്ലെങ്കിലും മാധ്യമപ്രവർത്തനത്തിന്റെ പ്രാഥമിക മൂല്യങ്ങളാണ് അവിടെ തകർന്നടിഞ്ഞത്. കാശുമുടക്കുന്നവർ അവരുടെ അഭിപ്രായങ്ങൾക്കുള്ള നോട്ടീസ് ബോർഡായി മാധ്യമങ്ങളെ ഉപയോഗിച്ച് തുടങ്ങിയാൽ സത്യത്തിന്റെ മുഖം വികൃതമായിത്തീരുമെന്ന് കണ്ണടച്ച് പറയാം. സോളിഡാരിറ്റിയെപ്പോലെ ജനകീയ സമരങ്ങളിൽ ഇടപെടുന്ന ഒരു സംഘടന അവരുടെ സംഘടനാ ശേഷിയും ആത്മാർത്ഥതയും പുറത്ത് കാണിക്കാനുള്ള അവസരമായി ജനകീയ സമരത്തെക്കുറിച്ചുള്ള ഒരു ഡോക്യുമെന്ററിയെ ഉപയോഗിക്കുകയാണ് ഫലത്തിൽ സംഭവിച്ചത്. സമരങ്ങളിൽ ഇടപെടുന്നതിൽ സോളിഡാരിറ്റിക്കുള്ള ഉദ്ദേശ്യശുദ്ധിയെപ്പോലും ചോദ്യം ചെയ്യാൻ വരാനിരിക്കുന്ന വസന്തം ഡോക്യുമെന്ററി പ്രേരിപ്പിക്കുന്നു. (ഗൂഢതാത്പര്യങ്ങളോടെയാണ് സോളിഡാരിറ്റി ജനകീയ സമരങ്ങളിൽ ഇടപെടുന്നത് എന്നൊരു വാദം സജീവമായുണ്ട്. ആ ചർച്ച ഈ ലേഖനത്തിന്റെ പരിധിയിൽ വരുന്നതല്ലാത്തതിനാൽ ക്ഷമിക്കണം).

മന:പൂർവ്വം ഇടപെട്ടതല്ലെങ്കിൽ പോലും സിനിമയിൽ മുഴച്ചു നിൽക്കുന്ന അവരുടെ പ്രാതിനിധ്യം ഒഴിവാക്കാനുള്ള പക്വത നാളുകളായി ജനകീയ പ്രശ്നങ്ങളോടൊപ്പം നിൽക്കുന്ന നിൽക്കുന്ന ഒരു സംഘടന എന്നതുകൊണ്ട് സോളിഡാരിറ്റി കാണിക്കേണ്ടതായിരുന്നു. പ്രത്യേകിച്ച് ഒറ്റ കാഴ്ചയിൽ ആർക്കും വ്യക്തമാകുന്ന രീതിയിൽ അവർ മുഴച്ച് നിൽക്കുകയും കാതിക്കുടത്ത് നാളുകളായി സമരം ചെയ്യുന്ന ആക്ഷൻകൗൺസിലും പുറത്ത് നിന്നുള്ള ഐക്യദാർഢ്യ പ്രവർത്തകരും തീരെ പ്രതിനിധീകരിക്കപ്പെടാതെ പോവുകയും ചെയ്ത സാഹചര്യത്തിൽ സോളിഡാരിറ്റി ഇടപെടണമായിരുന്നു.

മുഖ്യധാരാ ടെലിവിഷനുകളുടെ ക്യാമറകൾ കാണേണ്ടത് കാണാതെയും പറയേണ്ടത് പറയാതെയും പോയപ്പോഴാണ് ശരത്തിനെപ്പോലെയുള്ള ക്യാമറയുമായി യാഥാർത്ഥ്യങ്ങൾക്ക് നടുവിലേക്ക് ഇറങ്ങിച്ചെന്നത്. ഇന്ത്യൻ മാധ്യമരംഗത്ത് ഇടപെടലുകളിലൂടെ ശ്രദ്ധേയമായ ഇടം നേടിയെടുത്ത ഇത്തരം ഡോക്യുമെന്ററികളുടെ ധാരയെക്കുറിച്ച് സോളിഡാരിറ്റിക്ക് വ്യക്തമായ ധാരണയുണ്ടെന്ന് തോന്നുന്നില്ല. (പ്രതിരോധത്തിന്റെ ദൃശ്യഭാഷകൾ ഒത്തുകൂടുന്ന വിബ്ജിയോർ പോലെയുള്ള ഡോക്യുമെന്ററി മേളകളിലൊന്നും ഇക്കൂട്ടരെ കണ്ടിട്ടുമില്ല). ജനാധിപത്യപരമായ സംവാദങ്ങൾക്ക് തയ്യാറാകാത്ത ഫാസിസ്റ്റ് ഘടനയുടെ പ്രതിഫലനം കൂടിയാണ് ഈ ഡോക്യുമെന്ററിയിലെ സോളിഡാരിറ്റി. കാതിക്കുടം സമരത്തിന്റെ ഭാഗമായി നടക്കുന്ന പരിപാടികളിലെല്ലാം സോളിഡാരിറ്റി മാത്രം എന്ന് ഉളുപ്പില്ലാതെ പറയുന്നതിലെ ജനാധിപത്യ വിരുദ്ധത അവരുടെ തന്നെ ഘടനാപരമായ പ്രശ്നമാണെന്ന് സോളിഡാരിറ്റി തിരിച്ചറിയണം. അബദ്ധം പറ്റിയതാണെങ്കിൽ, തങ്ങളുടെ സ്വന്തം മാധ്യമം വാരികയിൽ ചരിത്രത്തിലെ അതിജീവന സമരങ്ങളുടെ ജയപരാജയങ്ങൾ തൂക്കിനോക്കുന്ന ചിത്രം എന്നെല്ലാം ഈ ഡോക്യുമെന്ററിയെക്കുറിച്ച് എഴുതിവിടുന്നത് തടയാനെങ്കിലും സോളിഡാരിറ്റി ശ്രമിക്കണമായിരുന്നു.

## ഡോക്യുമെന്ററി പൂർത്തിയാക്കിവർക്ക് സംഭവിച്ചത്

ഡോക്യുമെന്ററി പൂർത്തിയാക്കിയവർക്ക് സംഭവിച്ചതാണ് അതിലേറെ ഞെട്ടിക്കുന്ന കാര്യം. ശരത്തിന്റ സുഹൃത്തക്കളും ജനകീയ സമരങ്ങളുടെയും അതിന്റെ മാധ്യമപ്രതിനിധാനങ്ങളുടെയും രാഷ്ട്രീയം വ്യക്തമായി അറിയുന്നവരുമായ ബാബുരാജിനെയും അമുദനെയും പോലെയുള്ളവർ ഡോക്യുമെന്ററിക്ക് പിന്നിലുണ്ടായിട്ടും സോളിഡാരിറ്റിക്ക് അമിത പ്രാധാന്യം കിട്ടയത് അവർക്ക് ഒഴിവാക്കാൻ കഴിയാതെ പോയത് എന്തുകൊണ്ടാണ്? ശരത് പൂർത്തിയാക്കതെ പോയത് പൂർത്തീകരിക്കണം എന്നതിനപ്പുറം വിഷയത്തിലേക്ക് കടക്കാൻ അവർ ശ്രമിച്ചില്ലേ? അതിന് ശ്രമിച്ചിരുന്നെങ്കിൽ എന്നും സമരവും പ്രശ്നങ്ങളും നിലനിൽക്കുന്ന കാതിക്കുടത്ത് നിന്നും ശരിയായ ദൃശ്യപ്രതിനിധാനങ്ങൾ കണ്ടെത്താൻ അവർക്ക് പ്രയാസമുണ്ടാകുമായിരുന്നില്ല. ശരത് തന്നെ എഴുതിയ തിരക്കഥ സോളിഡാരിറ്റിക്ക് അനുകൂലമാണെന്ന് അദ്ദേഹത്തിന്റെ മുൻ ഡോക്യുമെന്ററികളുടെ അടിസ്ഥാനത്തിൽ വിശ്വസിക്കാൻ കഴിയുന്നില്ല. സമരങ്ങളെക്കുറിച്ചുള്ള ശരത്തിന്റെ ഡോക്യുമെന്ററികളെല്ലാം പ്രശ്നങ്ങളനുഭവിക്കുന്ന അനുഭവങ്ങളിലൂടെയാണ് സഞ്ചരിക്കുന്നത്. പ്രശ്നമനുഭവിക്കുന്നവരുടെ മുൻകൈയിൽ തന്നെയുള്ള സമരങ്ങളാണ് ആ ഡോക്യുമെന്ററികളിൽ പ്രധാനമായും ചിത്രീകരിക്കപ്പെട്ടത്. പുറത്ത് നിന്നുള്ള ഐക്യദാർഢ്യങ്ങളെ അതിനൊപ്പം കാണിക്കാനും ശരത് മറിന്നില്ല. കൃത്യമായ പ്രതിനിധാനങ്ങളോടെ വ്യക്തമായ രാഷ്ട്രീയം പ്രതിഫലിപ്പിച്ചിരുന്ന ആ ഡോക്യുമെന്ററികൾ കണ്ടാൽ വരാനിരിക്കുന്ന വസന്തം ശരത്തിന്റെ രീതിക്കനുസരിച്ചല്ല നീങ്ങിയതെന്ന് ആർക്കും വ്യക്തമാകും. ശരത്തിനെ സ്മരിക്കുന്ന ഡോക്യുമെന്ററി നിർമ്മാണത്തിൽ ശരത് പറയാനുദ്ദേശിച്ച രാഷ്ട്രീയം കൂടി വ്യക്തമാക്കാൻ സുഹൃത്തുക്കൾക്ക് കഴിയാതെ പോയത് ലജ്ജാകരമാണ്.

## കുഴപ്പങ്ങൾ മാറ്റിവച്ചാൽ

ഈ പ്രശ്നങ്ങൾ ഒഴിവാക്കിയാൽ (ഒഴിവാക്കാൻ പറ്റുന്നതല്ലെങ്കിലും) കാതിക്കുടത്തെ ദുരവസ്ഥകൾ ഹൃദയഭേദകമായ രീതിയിൽതന്നെ ഡോക്യുമെന്ററി ചിത്രീകരിച്ചുണ്ട്. ശരത്തിന്റെ ശബ്ദത്തിൽ ആരംഭിച്ച് ശരത്തിന്റെ ശബ്ദത്തിൽ തന്നെ അവസാനിക്കുന്ന ട്രീറ്റ്മെന്റും അതിഗംഭീരം. പുഴയും നാടും മലിനമാകുന്നതിന്റെ പ്രശ്നങ്ങളെല്ലാം നാട്ടുകാരുടെ അനുഭവത്തിലൂടെ തന്നെ വിവരിക്കാൻ ഡോക്യുമെന്ററി ശ്രമിക്കുന്നുണ്ട് എന്നതിൽ ആശ്വസിക്കാം.

*"ഡോക്യുമെന്ററിയിൽ സോളിഡാരിറ്റി കടന്നുകൂടിയത് മന:പൂർവ്വമല്ല"*
പി. ബാബുരാജ് പറയുന്നു
അടുത്തലക്കം
കേരളീയത്തിൽ വായിക്കുക